"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - ജീവനക്കാര്യം - എഞ്ചിനീയറിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Rt)No.534/2024/HEDN** തീയതി,തിരുവനന്തപുരം, **07-05-2024**

---

പരാമർശം:-

1. **02.09.1967** തീയതിയിലെ സ.ഉ (കൈ) നം. **284/1967**/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. **11.04.2023** തീയതിയിലെ സ.ഉ (അച്ചടി) നം. **4/2023**/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്‌സയൻസ് /ഹ്യൂമാനിറ്റിസ് വിഭാഗത്തിലെയും,ടറുടെ **04.05.2024** ലെ **DTETVM/3956/2024-EG1 (EG)** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ട്രെയിനിംഗ് കോളേജുകളിലും, ലോ കോളേജുകളിലും. സംസ്കൃത കോളേജുകളിലും, അറബിക് കോളേജുകളിലും, സർവ്വകലാശാലകളിലും അസിസ്റ്റൻ്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായ പരിധി 50 വയസ്സ് ആക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർക്ക് കൂടി ബാധകമാക്കണമെന്ന് പരാമർശം (3) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ എഞ്ചിനീയറിംഗ് /ആർക്കിടെക്ച്ചർ / സയൻസ് / ഹ്യുമാനിറ്റീസ് വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായ പരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉത്തരവാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, എ.പി.ജെ. അബ്ദുൾ കലാം

ടെക്നോളജിക്കൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല രജിസ്ട്രാറും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**C AJAYAN**

**ADDITIONAL SECRETARY**

പകർപ്പ് :-

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, എ പിജെ അബ്ദുൾ കലാം ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റി, സിഇറ്റി ക്യാമ്പസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്
ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.
***www.highereducation.kerala.gov.in***
*കരുതൽ ഫയൽ/ഓഫീസ് കോപ്പി. (HEDN-G1/86/2024-HEDN)*

ഉത്തരവിൻ പ്രകാരം

Signed by
Sheeba Jayadevan
Date: 07-05-2024 17:18:31

സെക്ഷൻ ഓഫീസർ